# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3676 11.12.2018 -ലെ മറുപടിയ്ക്ക്

**കേരള സർവ്വകലാശാല വിദ്യാർത്ഥികൾക്കുള്ള ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.പി.സജീന്ദ്രൻ : | | ഡോ.കെ.ടി.ജലീൽ (ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ) | |
| (എ) | കേരള സർവ്വകലാശാലയിൽ 2008 മുതൽ നിലവിലുണ്ടായിരുന്ന വിദ്യാർത്ഥികൾക്കുള്ള ഇൻഷുറൻസ് പദ്ധതി നിർത്തലാക്കി പുതുക്കിയ പദ്ധതി 2016 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | 2008 മുതൽ നിലവിലുണ്ടായിരുന്ന SGPAIS എന്ന പദ്ധതിക്കു പകരം കൊണ്ടുവന്ന MAIPS ഒരു വർഷം മാത്രമാണ് നടപ്പാക്കിയത് (2017). |
| (ബി) | പദ്ധതി പുതുക്കി നിശ്ചയിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (ബി) | 2016-17 ലെ ബഡ്ജറ്റ് അവതരണത്തിലൂടെ രോഗ ചികിത്സയ്ക്ക് 50,000/- രൂപയും അപകടമരണത്തിന് 3 ലക്ഷം രൂപയും നൽകുന്ന പദ്ധതി നടപ്പിലാക്കാനുള്ള നിർദ്ദേശമനുസരിച്ച് 3 പൊതുമേഖല കമ്പനികളുടെ ക്വട്ടേഷൻ ലഭിച്ചതിൽ നിന്ന് ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയെ പോളിസി നടപ്പാക്കാൻ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) | നിലവിലുണ്ടായിരുന്ന പോളിസിയനുസരിച്ച് ഒരു വിദ്യാർത്ഥി പ്രതിവർഷം പ്രീമിയമായി അടയ്ക്കേണ്ടിയിരുന്ന തുക വ്യക്തമാക്കുമോ ; | (സി) | നിലവിലുണ്ടായിരുന്ന പോളിസി (SGPAIS) അനുസരിച്ച് 25/- രൂപ യാണ് പ്രതിവർഷ പ്രീമിയം |
| (ഡി) | പുതുക്കിയ സ്കീം പ്രകാരം എത്ര രൂപയാണ് അടയ്ക്കേണ്ടതെന്നും ഈ ഇനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയെന്നും വിശദമാക്കുമോ; | (ഡി) | പുതുക്കിയ സ്കീം (MAIPS) പ്രകാരം പ്രീമിയം തുക 240/- രൂപയാണ് . ഈ ഇനത്തിൽ കഴിഞ്ഞ വർഷം (2017) 86,79,120/- രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഏത് കമ്പനിയെയാണ് പോളിസി നടപ്പാക്കാൻ ഏല്പിച്ചത്; | (ഇ) | ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയെയാണ് പോളിസി നടപ്പാക്കാൻ ഏല്പിച്ചത് |
| (എഫ്) | കഴിഞ്ഞ രണ്ടു വർഷങ്ങളിലായി പോളിസിയുടെ പ്രയോജനം ലഭ്യമായ കുട്ടികളുടെ എണ്ണവും ആനുകൂല്യമായി ലഭ്യമായ തുകയും വ്യക്തമാക്കുമോ; | (എഫ്) | കുട്ടികൾക്ക് ലഭിക്കേണ്ട ഇൻഷ്വറൻസ് പരിരക്ഷയ്ക്കുള്ള അപേക്ഷ നേരിട്ട് ഇൻഷ്വറൻസ് കമ്പനിയ്ക്കാണ് നൽകുന്നത്. ആയതിനാൽ വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ല. |
| (ജി) | കമ്പനിയുമായി സർവ്വകലാശാല എഗ്രിമെന്റ് ഒപ്പുവച്ചിരുന്നുവോ; ഇല്ലെങ്കിൽ ഗുരുതരമായ വീഴ്ചക്ക് ആരാണ് ഉത്തരവാദിയെന്ന് വെളിപ്പെടുത്തുമോ? | (ജി) | ഇല്ല.<br>16.11.2018 ൽ നടന്ന സിൻഡിക്കേറ്റ് ഇക്കാര്യത്തിൽ ഉത്തരവാദിയായവർക്ക് ' ഷോകോസ് ' നൽകാൻ വൈസ് ചാൻസലറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ